# ശിഈ വിമർശനങ്ങളെ ഭയക്കുന്നവർ...

സാലിഷ് വാടാനപ്പള്ളി

**“ഇ**റാനെതിരെ അമേരിക്ക ഭീഷണി ഉയർത്തുന്ന ഈ പശ്ചാതലത്തിൽ ‘ശീഇസം’ മുജാഹിദുകളുടെ പ്രസംഗവേദികളിലും പ്രസിദ്ധീകരണങ്ങളിലും മുഖ്യവിഷയമാകുന്നത്, അവരുടെ അജണ്ടകൾ രൂപം കൊള്ളുന്നത് അമേരിക്കയുടെ അരമനയിലായതിനാലാണോ?’’ കേരളത്തിൽ ‘ശീഇസം’ ചർച്ചചെയ്യപ്പെടുക എന്നത് എന്നും ഭയപ്പാടോടെ മാത്രം വീക്ഷിക്കുന്ന ചില ‘ഇസ്ലാമിസ്റ്റുകൾ’ മുജാഹിദുകൾക്കെതിരെ വ്യാപകമായിനടത്തുന്ന കുപ്രചരണത്തിന്റെ ഭാഗമായി ഉന്നയിക്കപ്പെടുന്ന അന്യായമായ ആരോപണമാണ് നാം മുകളിൽ വായിച്ചത്. വാസ്തവത്തിൽ അമേരിക്ക ഇറാനെതിരെ തിരിയുന്നതിന്റെ എത്രയോ മുൻപുതന്നെ ‘ശീഇസം’ മുജാഹിദുകളുടെ ചർച്ചകളിൽ മുഖ്യവിഷയമായിരുന്നു. ഇതൊന്നും അറിയാത്തവരല്ല, മുജാഹിദുകളുടെ ‘ശീഈ’ വിമർശനങ്ങളെ ‘ഫലിക്കാതെപോയ ഇറാൻ വിരുദ്ധ പ്രസംഗങ്ങളായി മാറ്റിമറിക്കാൻ കുത്സിത ശ്രമം നടത്തുന്നവർ പിന്നെ എന്തിനാണിവർ സലഫികൾക്കെതിരെ ഇത്തരം വ്യാജവും നീചവുമായ കുപ്രചരണങ്ങളുമായി നാടുചുറ്റുന്നത്? ‘ശീഇസം’ ചർച്ചചെയ്യപ്പെടുന്നതിലെ ഭയപ്പാടല്ലേ അതിനു കാരണം? ഏതുസാഹചര്യത്തിലായാലും ‘ശീഈ’ വിമർശനങ്ങളിൽ നിന്നും ജനശ്രദ്ധ തിരിച്ചുവിടാൻ പരമാവധി പരിശ്രമിക്കുന്ന ഇസ്ലാമിസ്റ്റ്’ ലോബിക്ക് ഇപ്പോൾ കിട്ടിയ ഒരു താൽക്കാലിക ‘തട’ മാത്രമാണ് ഇറാൻ പ്രശ്നം എന്നതിൽ കവിഞ്ഞ് മറ്റൊന്നുമല്ല ഇവരുടെ അമേരിക്കൻ വിരുദ്ധ വികാരമെന്ന് സ്വാഭാവികമായും ഇപ്പോൾ സംശയം തോന്നുന്നു. പ്രവാചകന്റെ(ﷺ) ജീവിച്ചിരിക്കുന്ന മാതൃകയായി ചില ‘ശൂറാ’ മെമ്പർമാർ ഇപ്പോൾ വിരൽ ചൂണ്ടുന്നത് ഇറാൻ പ്രസിഡന്റ് ‘അഹ്മദിനജാദിലേക്കാണെന്നതു മാത്രം മതി ഇവരുടെ ശീഈ പ്രേമത്തിന്റെ പാരമ്യം തിരിച്ചറിയാൻ. അതുകൊണ്ടാണ് ‘ശീഇസ’ത്തെ വിമർശിക്കുന്നവരെ ‘തല്ലാൻ’ ഇവർക്കു കിട്ടിയ പുതിയ ‘വടി’ എന്നതിലുപരി ഒന്നമല്ലേ ഇവരപുടെ അമേരിക്കൻ വിരുദ്ധ വികാരപ്രകടങ്ങളെന്നു പലരും സംശയംകൂറുന്നത്. കേരളത്തിലെ ശീയാക്കളുടെ എണ്ണത്തിലോ വണ്ണത്തിലോ അല്ല ‘ശീഇസം’ ചർച്ചചെയ്യപ്പെടുന്നതിലെ പ്രസക്തി നലനിൽക്കുന്നത്. മറിച്ച് ‘ശീഇസം’ കേരളത്തിലെ മുസ്ലിംകളുടെ ഇസ്ലാമിക ധാരണകളിൽ എത്ര മാത്രം സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്ന അന്വേഷണമാണ് ആവഴിപിഴച്ച ചിന്താധാരയെ എന്നും മുഖ്യവിഷയമായി ചർച്ചചെയ്യാൻ മുജാഹിദുകളെ പ്രേരിപ്പിക്കുന്ന ഘടകം. അതു ചർച്ചചെയ്യപ്പെടാൻ തങ്ങളുടെ ‘തനിസ്വരൂപം’ പുറത്തു ചാടും എന്നഭയമാണ് ശീഈ വിമർശനങ്ങളെ അമേരിക്കൻ ‘ദല്ലാൾപണി’ യാക്കി തീർക്കാൻ ചില ‘ശൂറാ’ മെമ്പർ മാരെയും ‘ഇസ് ലാമിസ്റ്റുകളെയും പ്രേരിപ്പിക്കുന്ന പ്രധാന ഘടകം. ‘ശീഇസത്തിന്റെ മതപരവും മതരാഷ്ട്രവുമായ വീക്ഷണങ്ങൾ ‘അഹ്ലുസ്സുന്നത്തി’ന്റെ ഫ്രെയ്മിൽ ചേർക്കാൻ പരുവത്തിൽ പരിഷ്ക്കരിച്ച് ‘മതവാണിജ്യം’ നടത്തുന്നതിൽ ‘ഖുബൂരിസ’ത്തിനും ‘മൗദൂദിസത്തിനും ശക്തമായ പങ്കുണ്ട്.

കേരളത്തിലെ ‘മുസ്ലിംകളെ ആത്മീയമായി ചൂഷണത്തിനിരയാക്കിയ ഖുബൂരികൾ തങ്ങളുടെ ആശായാദർശങ്ങൾ പലതും സമർത്ഥിക്കുന്നത് ശിയാക്കളിൽ നിന്നും കടമെടുത്താണ്. അല്ലാഹുവിനു പുറമെ മഹാന്മാരെ വിളിച്ചു പ്രാർത്ഥിക്കുന്നതിനായി പലപ്പോഴും ഖുബൂരി മുസ്ലിയാക്കൻമാർ നിരത്തുന്ന പ്രധാന വാദമാണ്, അല്ലാഹുമാത്രമാണ് സ്വമദും, ഇലാഹും എന്നു വിശ്വസിച്ചുകൊണ്ട് മറ്റാരെ വിളിച്ചു പ്രാർത്ഥിച്ചാലും അത് ശിർക്കല്ല എന്ന വാദം. ഖുബൂരികൾ അവരുടെ ഈ തത്ത്വം കടം കൊണ്ടത് ശിയാക്കളുടെ ആത്മീയ നേതാവായ ആയത്തുല്ലാഹ് റൂഹുല്ലാഹ് ഖുമൈനിയടക്കം പല ശീഈ നേതാക്കളുമെഴുതിയ ഗ്രന്ഥങ്ങളിൽ നിന്നാണ്. ഖുമൈനി

എഴുതുന്നതുകാണുക: ''അപ്പോൾ ശിർക്കെന്ന് പറഞ്ഞാൽ, ഇലാഹാണെന്ന അടിസ്ഥാനത്തിൽ അസുഖം മാറാൻ ആരോടെങ്കിലും പ്രാർത്ഥിക്കുകയോ ഇലാഹിന് പങ്കുകാരുണ്ടെന്ന് വിശ്വസിക്കുകയോ പ്രാർത്ഥിക്കപ്പെടുന്ന ആൾക്ക് സ്വതന്ത്രമായ കഴിവുണ്ടെന്ന് (സ്വമദീയ്യത്ത്-ലേ) വിശ്വസിക്കുകയോ ചെയ്യുകയാണ്. അല്ലാഹുവിന്നു വേണ്ടി ജീവൻ നഷ്ടപ്പെടുത്തിയ അവന്റെ ദീനിന്ന് വേണ്ടി ആത്മത്യാഗം ചെയ്തവരോട് പ്രാർത്ഥിക്കുന്നവർക്ക് ഉത്തരം ചെയ്യാനുള്ള കഴിവ് കൊടുക്കാൻ ആല്ലാഹുവിന്ന് സാധിക്കും എന്ന അടിസ്ഥാനത്തിലാണ് പ്രാർത്ഥിക്കുന്നതെങ്കിൽ ശിർക്കോ കുഫ്റോ അല്ല.'' *(കശ്ഫുൽഅസ്റാർ, ഖുമൈനി പേജ് 59 – ഉദ്ധരിച്ചത്: ശിആയിസം, എ. അബ്ദുൽ ഹമീദ് മദീനി)*

മാത്രമല്ല, മഹാന്മാരുടെതെന്നു പറയപ്പെടുന്നവരുടെ ക്വബ്റുകൾകെട്ടിപ്പൊക്കി അത് പ്രാർത്ഥനാകേന്ദ്രമാക്കിമാറ്റിയ കേരള ക്വുബൂരികളുടെ പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിലെ ശീഈ സ്വാധീനത്തിന് ഒന്നാന്തരം തെളിവാണ്. കാരണം ക്വബ്റുകൾ കെട്ടി ഉയർത്തുന്നത് ശിയാക്കൾക്ക് വളരെ പുണ്യപ്പെട്ടകർമമാണ്. ക്വുമൈനി എഴുതുന്നതുകാണുക: ''ഹേ അലി, തീർച്ചയായും നിങ്ങളുടെ ക്വബ്റിന്മേൽ കെട്ടിടമുണ്ടാക്കുകയും അത് സന്ദർശിക്കാൻ വരികയും ചെയ്യുന്നവർ സുലൈമാൻ നബിയോടൊപ്പം ബൈത്തുൽ മുഖദ്ദസ് നിർമിക്കുന്നതിൽ പങ്കെടുത്തവനെ പോലെയാണ്.'' *(കശ്ഫുൽ അസ്റാർ, കുമൈനി, പേജ് 8)* അതു പോലെതന്നെ ഇന്ന് യാഥാസ്ഥിതികർ കൊണ്ടുനടക്കുന്ന മാലമൗലിദുകളിൽ പലതിലും ശിയാസ്വാധീനം നമുക്ക് ദർശിക്കാൻ കഴിയും. ഫാത്വിമ( g )യെ കൊണ്ട് അല്ലാഹു ഉന്നതനായിരിക്കുന്നു എന്നുപഠിപ്പിക്കുന്ന ഫാത്തിമ്മ മൗലിദുപോലുള്ളവ അതിനു ഉത്തമ ഉദാഹരണമാണ്. മാത്രമല്ല അലി(ﷺ), ഫാത്വിമ( g ), ഹസൻ(ﷺ), ഹുസൈൻ(ﷺ) തുടങ്ങിയവരെ കുറിച്ചുള്ള അതിർകവിച്ചിലുകൾ പല മൗലിദുകളിലും നമുക്കുകാണാൻ കഴിയുന്നു. ഇതെല്ലാം ശീഈ സ്വാധീനത്തിന്റെ തെളിവുകളല്ലേ? ഇന്നും കേരളീയർകൊണ്ടുനടക്കുന്ന 'ക്രിമിനൽ' റാത്തീബുകളിലെ രീതികൾ പലതും ശിയാക്കളുടെ മുഹറമാസത്തിലെ 'റാത്തീബുകളുടെ ഭാഗം തന്നെ. ഖുറാഫികൾ മതത്തിന്റെ പേരിൽ സംഘടിപ്പിക്കുന്ന ജന്മദിനാഘോഷവും 'നബി പ്രകാശ' വിശ്വാസവുമെല്ലാം ശിയാക്കളിൽ നിന്നുംകടം കൊണ്ടതാണ്. (ഇസ്ലാമിക് ഫൗണ്ടേഷൻ പ്രസ് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത കുമൈനിയുടെ 'ഇസ്ലാമിക ഗവൺമെന്റ്' എന്ന ഗ്രന്ഥത്തിൽ പലസ്ഥലങ്ങളിലും ഇത്തരം തെറ്റായ വിശ്വാസങ്ങളുടെ മഹത്വവർക്കരിക്കുന്നതും കാണാം) കേരളത്തിലൂടെ നീളം ഇന്ന് ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന 'ത്വരീക്കത്ത്' ചിന്താധാരകൾ എല്ലാം തന്നെ അലി(ﷺ)വിലൂടെ മാത്രം സിദ്ധിക്കുന്ന മോക്ഷസിദ്ധാന്തമാണ് അവതരിപ്പിക്കുന്നത്. 'ത്വരീക്കത്ത്' വാദികൾ 'ശീഇസ'ത്തിൽ നിന്നാണ് തങ്ങളുടെ മോക്ഷസിദ്ധാന്തം മെനഞ്ഞെടുത്തതെന്ന് ആർക്കും നിഷ്പ്രയാസം മനസ്സിലാക്കാവുന്നതാണ്. മാത്രമല്ല ഒരു കാലത്ത് കേരളത്തിലെയാഥാസ്ഥിതികരായ മുസ്ലിം പാമരന്മാർ ബഹുമാനപൂർവ്വം പാടിനടന്നിരുന്ന 'കുപ്പിപ്പാട്ടുകളിലേയും, 'പക്ഷിപ്പാട്ടുകളിലേയും സ്വഹാബിനിന്ദകൾ, ഫുറൂഉൽ കാഫി (ഇമാം കലീനി), കശ്ഫിൽ അസ്റാർ (ഖുമൈനി), ഇഖ്തിസ്വാസ്(അൽമുഫീദ്), മസാഇലുന്നാസിരിയ്യ (സയ്യിദുൽ മുർതീദ്വാ), അൻവാറുന്നുഅ്മാനിയ്യ(നിഅ്മത്തില്ലാഹ്ജസാഇരി) (ഉദ്ധരിച്ചത് ശിആയിസം, എ.അബ്ദുൽ ഹമീദ് മദീനി) തുടങ്ങിയ ശീഈ ഗ്രന്ഥങ്ങളിൽ കാണുന്ന സ്വഹാബീനിന്ദകളുടെ കേരള പതിപ്പുകളാണ്. എന്നിട്ടും ഇന്നും ചിലർക്ക് ഖുമൈനി സ്വഹാബത്തിനെ നിന്ദിച്ചിട്ടുണ്ടോ എന്ന കാര്യത്തിൽ സംശയമാണ്?! എന്തിനധികം പറയണം, അല്ലാഹു പവിത്രമാക്കിയ നാലു മാസങ്ങളിലൊന്നായ 'മുഹറ' മാസം കേരളത്തിലെ യാഥാസ്ഥിതികർക്കിന്നും 'നഹ്സിന്റെ' ദിനരാത്രങ്ങളാണ്. വിവാഹം, കച്ചവടം, വീടുപാർക്കൽ തുടങ്ങി ഏതു ശുഭകരമായ കാര്യവും തുടങ്ങുന്നതിൽ നിന്ന് അവർ മുഹറമാസത്തിലെ ആദ്യദിവസങ്ങൾ ഒഴിവാക്കുന്നത് ഏറെ കൊട്ടിഘോഷിക്കാതെ തന്നെ ഏവർക്കുമറിയാവുന്ന അനുഭവസത്യമാണ്. വാസതവത്തിൽ 'കർബ' ലയിൽ ഹുസൈൻ(ﷺ) മരിച്ചതു മുഹറമാസത്തിലായതുകൊണ്ട് ആ പവിത്രമാസത്തെ 'നഹ്സ്' ആയി ഗണിക്കുന്ന ശിയാക്കളുടെ രീതി മുസ്ലിം കേരളം കടമെടുത്തതാണിതിനുകാരണം. ഇങ്ങനെ എത്രയോ കാര്യങ്ങളിൽ നമ്മുടെ നാട്ടിലെ 'മുസ്ലിം'കളുടെ ഇസ്ലാമികധാരണകളിൽ

‘ശീഇസം’ സ്വാധീനം ചെലുത്തുന്നുണ്ട്; എന്നിട്ടും ചിലർ ചോദിക്കുന്നു ‘ശിയാക്കളില്ലാത്ത നമ്മുടെ നാട്ടിലെന്തിനു ‘ശീഇസം’ ചർച്ചചെയ്യപ്പെടുന്നു’? എന്ന്.

‘‘റസൂൽ(ﷺ) മരിച്ച നിമിഷം മുതൽ ഹിജ്റ 260 വരെയുള്ള കാലയളവിൽ മുസ്‌ലിം സമൂഹത്തിൽ ‘ഹുകൂമത്തെ ഇലാഹി’ സ്ഥാപിക്കുവാൻ വേണ്ടി ഇമാമുകൾ രംഗത്ത് വന്നിട്ടുണ്ട്. ഇതാണ് നമ്മുടെ അടിസ്ഥാന പരമായവാദം’’ *(അൽ ഖാമിനി, രിസാലത്തുസ്സഖലൈൻ, പേജ്: 48, ഉദ്ധരിച്ചത്: ശിആയിസം എ. അബ്ദുൽ ഹമീദ് മദീനി)* ‘‘പ്രവാചക ദൗത്യത്തിന്റെ പൂർത്തീകരണരത്തിന് ഒഴിച്ചുകൂടാനാവാത്ത ഒരു നിർബന്ധമായിരുന്നു പിൻഗാമി നിയമനം എന്തു കൊണ്ടെന്നാൽ, പ്രവാചക(ﷺ)ന് ശേഷം നിയമങ്ങളുടെ നിർവഹണത്തിനും സമൂഹത്തിൽ ഇസ്‌ലാമിക ചട്ടങ്ങളുടെ സംസ്ഥാപനത്തിനും ഒരാൾ വേണം. അതിലൂടെ മാത്രമേ അവക്ക് ഇഹപരവിജയങ്ങൾ കരഗതമാവുകയുള്ളൂ.’’ *(ഇസ്‌ലാമിക ഗവൺമെന്റ് ഖുമൈനി)*

‘‘ഇമാമത്തിലുള്ള വിശ്വാസത്തിന്റെ ഭാഗമാണ് ഗവൺമെന്റ് രൂപീകരണത്തിന്റെ ആവിശ്യകതയിലുള്ള വിശ്വാസം. ഗവൺമെന്റ് രൂപീകരിക്കുന്നതിനുള്ള പരിശ്രമത്തിന്റെ കാര്യവും അങ്ങിനെ തന്നെ’’ *(ഇസ്‌ലാമിക ഗവൺമെന്റ്-ഖുമൈനി-പേ: 118)*

‘ഇമാമത്ത്’ വാദത്തിലൂടെയും ‘വിലായത്തെ ഫഖീഫ്’ എന്ന സിദ്ധാന്തത്തിലൂടെയും ശിയാക്കൾ ഭരണാധികാരം ഇസ്‌ലാമിന്റെ അഖീദയുടെ തന്നെതേട്ടമായി അവതരിപ്പിച്ചു. അതു മുഖേന ‘ഹുകൂമത്തെ ഇലാഹി’യുടെ സംസ്ഥാപനം മുസ്‌ലിംകളുടെ മുഖ്യദൗത്യവും അല്ലാഹു അവരെ ഏൽപ്പിച്ച ‘അമാനത്തു’മായി ചിത്രീകരിക്കുകയും ചെയ്തു. ശിയാക്കളുടെ പ്രത്യേക സങ്കൽപ്പങ്ങളായ ‘ഇമാമത്ത്’ വാദവും ‘വിലായത്തെ ഫഖീഹ്’ സിദ്ധാന്തവും മാറ്റിവെക്കുകയും പകരം റബ്ബ്, ഇലാഹ്, ഇബാദത്ത്, ദീൻ തുടങ്ങി ഇസ്‌ലാമിന്റെ സാങ്കേതിക പദങ്ങളെ ദുർവ്യാഖ്യാനിച്ചുകൊണ്ട് ഭരണാധികാരത്തെ ‘അഖീദ’യുടെ (ഹാക്കിമിയ്യത്തിലൂടെ) ഭാഗമായി അവതരിപ്പിക്കുകയുമാണ് മൗദൂദിസം ചെയ്തത്. അതു കൊണ്ടാണ്, സയ്യിദ് മൗദൂദി ആവിഷ്ക്കരിക്കുകയും സയ്യിദ് ഖുത്തുബ് പിൻബലം നൽകുകയും ചെയ്ത ഹുകൂമത്തെ ഇലാഹി എന്ന ആശയം നടപ്പിൽ വരുത്തിയത് ഇറാനിലെ നവീന ‘ഇസ്‌ലാമിസ്റ്റുകളാണെന്ന് ‘ജമാഅത്തെ ഇസ്‌ലാമിയുടെ മുൻ അമീർ കെ.സി. അബ്ദുല്ല മൗലവി, ഐ.പി.എച്ച് പുറത്തിറക്കിയ തന്റെ ‘ഇബാദത്ത് ഒരു സമഗ്രപഠനം’ എന്ന ഗ്രന്ഥത്തിൽ തുറന്നെഴുതിയത്. ഇന്നും ഇസ്‌ലാമിസ്റ്റുകൾക്ക് ഭരണാധികാരം ‘ലാഇലാഹ ഇല്ലല്ലാഹ്’യുടെ ഭാഗം തന്നെ ‘‘......ലാഇലാഹ ഇല്ലലാഹുവിന്റെ പ്രയോഗവൽക്കരണം. അത് പൂർണമാകണമെങ്കിൽ ഇസ്‌ലാമിക വ്യവസ്ഥിയും രാഷ്ട്രവും സ്ഥാപിതമാവണം.’’ *(പ്രവാചകന്മാരുടെ പ്രബോധനം, ഐ.പി.എച്ച്. പേജ്:102)*

ഇനി പ്രവാചകന്മാരുടെ ദൗത്യത്തെ സംബന്ധിച്ച ശിയാക്കളുടെ കാഴ്ച്ചപ്പാടുകാണുക. ഖുമൈനി എഴുതുന്നു. ‘‘വാസ്തവത്തിൽ നിയമങ്ങളും ചട്ടങ്ങളും നടപ്പിൽ വരുത്തികൊണ്ട് നീതിപൂർണ്ണമായ സാമൂഹ്യ വ്യവസ്ഥിതി സംസ്ഥാപിക്കുകയായിരുന്നു പ്രവാചകന്മാരുടെ മുഖ്യ ദൗത്യം’’. *(ഇസ്‌ലാമിക ഗവൺമെന്റ്, ഖുമൈനി)*

പ്രവാചകന്മാരുടെ ദൗത്യത്തെ സംബന്ധിച്ച് ശിയാക്കളുടെ അതേ കാഴ്ചപ്പാടുതന്നെയാണ് മൗദൂദിസത്തിന്റേതും. മൗദൂദി എഴുതുന്നതു കാണുക: ‘‘അതെ, അപ്പോൾ ഈ ലോകത്ത് ദൂതന്മാരുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം ദൈവിക ഭരണകൂടത്തിന്റെ സംസ്ഥാപനവും അവർ കൊണ്ടുവന്ന സമ്പൂർണ ജീവിത വ്യവസ്ഥയുടെ അനുവർത്തനവുമാണ്.’’ *(തജ്ദീദ് വെ ഇഹ്‌യഎദ്ദീൻ-മൗദൂദി)*

ഇസ്‌ലാമികമല്ലാത്ത എല്ലാ വ്യവസ്ഥകളും ശിർക്കാണെന്നും ‘താഗൂത്താ’യിരിക്കും അതിൽ ഭരണാധികാരി. അതുകൊണ്ടുതന്നെ ആവ്യവസ്ഥകളെ നശിപ്പിക്കാലാണ് മുസ്‌ലിംകളുടെ ബാധ്യത

യെന്നും, അത്തരം വ്യവസ്ഥകളിൽ ഇസ്ലാം വെറുംജലരേഖയായിരിക്കുമെന്നും ആവ്യവസ്ഥക ളുമായി ഇസ്ലാം പ്രത്യക്ഷ സംഘട്ടനത്തിലാണെന്നും, അവിടങ്ങളിൽ ജീവിക്കുന്ന മുസ്ലിംകളെ സംബന്ധിച്ച് ഒരു യഥാർത്ഥ വിശ്വാസിയായി ജീവിക്കുക എന്നത് ഫല ത്തിൽതീരെ അസംഭവ്യമാണെന്നും ആവ്യവസ്ഥയിൽ ജീവിക്കുന്ന മുസ്ലിംകൾക്ക് അല്ലാഹു വിന്റെ അടിമത്വം സ്വജീവിത വ്യവസ്ഥയായി അംഗീകരിച്ചു ജീവിക്കുവാൻ സാധിക്കയി ല്ലെന്നുമുള്ള സിദ്ധാന്തങ്ങൾ ഇന്ത്യയിലവതരിപ്പിച്ചത് മൗദൂദിസമാണ് *(ഖുത്തുബാത്ത്, ഇസ്ലാമിക പ്രസ്ഥാനം, ജമാഅത്തെ ഇസ്ലാമിയുടെ സന്ദേശം തുടങ്ങിയപുസ്തകങ്ങൾ കാണുക)* ഈ സിദ്ധാന്തങ്ങളഖിലവും രൂപീകരിക്കുന്നതിൽ മൗദൂദിയെ കാര്യമായി സ്വാധീനി ച്ചത് ശിയാക്കളുടെ മതരാഷ്ട്രവാദങ്ങളായിരുന്നു എന്നതാണ് സത്യം. മൗദൂദി ഇന്ത്യൻ മുസ്ലിംകൾക്കുമുന്നിലവതരിപ്പിച്ച അതേ തത്വങ്ങൾ തന്നെയായിരുന്നു 'ശീഈ' നേതാവായ ഖുമൈനിയും ഇറാനിൽ അവതരിപ്പിച്ചത്. ഖുമൈനി എഴുതുന്നതു കാണുക: ''അനിസ്ലാമിക രാഷ്ട്രീയ വ്യവസ്ഥ ശിർക്ക് കലർന്നതാണ് . 'താഗൂത്താ'യിരിക്കും അതിൽ ഭരണാധികാരി. നാം നമ്മുടെ ജീവിതത്തിൽ നിന്നും മുസ്ലിം സമൂഹത്തിൽ നിന്നും ശിർക്കിന്റെ എല്ലാ അംശ ങ്ങളും ചിഹ്നങ്ങളും ദൂരീകരിക്കാനും അവയെ നശിപ്പിക്കാനും ബാധ്യസ്ഥരാണ്. വിശ്വാസി കളും ഉത്തമരുമായ വ്യക്തികളുടെ വളർച്ചയ്ക്ക് അനുകൂലവും, താഗൂത്തും അവിഹിത ഭരണാ ധികാര ശക്തികളും സൃഷ്ടിച്ച സാമൂഹ്യ സാഹചര്യത്തിൽ നിന്ന് തികച്ചും വ്യത്യസ്തവുമായ ഒരു സാമൂഹ്യ സാഹചര്യം സൃഷ്ടിച്ചെടുക്കേണ്ടത് നമ്മുടെ ബാധ്യതയാണ്............വിശ്വാസിയും ഭക്തനും നീതിതൽ പരനുമായ ഒരു വ്യക്തിക്ക് തന്റെ വിശ്വാസത്തിനും സൽസ്വഭാവത്തിനും പോറലേൽക്കാതെ ഇത്തരമെരു സാമൂഹ്യ–രാഷ്ട്രീയ ചുറ്റുപാടിൽ നിലനിൽക്കാനാവില്ല. അയാൾക്ക് രണ്ടിലൊന്ന് തെരഞ്ഞെടുക്കേണ്ടി വരും; ഒന്നുകിൽ ശിർക്കിലേക്കെത്തിക്കുന്നതും ധർമവിരുദ്ധവുമായ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുക; അല്ലെങ്കിൽ താഗൂത്തിന്റെ കൽപന കൾ ധിക്കരിക്കുകയും തിൻമയുടെ സാഹചര്യം ഇല്ലാതാക്കാൻ ആ വ്യവസ്ഥിതിക്കെതിരിൽ പൊരുതുകയും ചെയ്യുക. നമ്മെ സംബന്ധിച്ചേടത്തോളം നശിച്ചതും നശിപ്പിക്കുന്നതുമായ ഭരണ വ്യവസ്ഥിതിയെയും അക്രമിയും നാശകാരിയും വഞ്ചകനുമായ ഭരണാധികാരിയെയും തൂത്തെറിയുക മാത്രമാണ് ഏക മാർഗം.'' *(ഖുമൈനി, ഇസ്ലാമിക ഗവൺമെന്റ്, പേജ്: 209,210)*

ഇനി നോക്കുക, ഇന്ത്യയൊരു മതേതര ജനാധിപത്യ രാഷ്ട്രമായതു കാരണം ആവ്യവസ്ഥയു മായി യാതൊരുവിധത്തിലും സാഹകരിക്കാൻ പാടില്ലെന്നു പ്രചരിപ്പിച്ചവരാണ് ഇന്ത്യയിലെ ജമാഅത്തുകാർ. ഇന്ത്യാ ഗവൺമെന്റ് 'താഗൂത്താ' ണെന്നും അതിനാൽ 'ഇവിടുത്തെ തെര ഞ്ഞെടുപ്പുകളിൽ പങ്കെടുക്കുയോ വോട്ട് രേഖപ്പെടുത്തുകയോ അരുത്'. 'ഇവിടുത്തെ കലാല യങ്ങൾ കൊലാലയങ്ങളാണ്' എന്നു പറത്തുകൊണ്ട് വിദ്യാഭ്യാസസ്ഥാപനങ്ങൾ ബഹിഷ്ക്കരി ച്ചു. 'ഇവിടത്തെ കോടതികളുമായോ, നീതിന്യായ വകുപ്പുകളുമായോ സഹകരിക്കുകയോ, വിധിതേടി പോകുകയോ അരുത്.' 'സർക്കാർ ജോലികൾ സ്വീകരിക്കരുത്'. 'ഈവ്യവസ്ഥയിൽ 'ഹലാലായ' റൊട്ടിപോലും ലഭിക്കില്ലെന്നും ഈ വ്യവസ്ഥക്ക് യാതൊരു നിലക്കും സഹായകമ ല്ലാത്ത ജീവിതവും രീതികളുമാണ് സ്വീകരിക്കേണ്ടത്.' ഇതൊക്കെയായിരുന്നു 'ഇസ്ലാമിസ്റ്റു കൾ' അടിയന്തിരാവസ്ഥക്ക് മുൻപ് ഇന്ത്യൻ മുസ്ലിംകളോട് നിരന്തരം പറഞ്ഞുകൊണ്ടിരുന്നത്. ഇതെല്ലാംതന്നെ 'താഗൂത്തി' നോടുള്ള സമീപനം രൂപപ്പെടുത്തിയേടത്ത് വന്ന ചില അബദ്ധ ങ്ങൾ മാത്രമാണെന്നാണ് പലരും കരുതിയത്. യഥാർത്ഥത്തിൽ ഇത് 'നയരൂപീകരണ' ത്തിൽ പറ്റിയ കേവലം അബദ്ധമല്ല മറിച്ച് അനിസ്ലാമിക ഗവൺമെന്റുകളോടുള്ള 'ശീഈ' സമീപന ങ്ങളെ മൗദൂദി ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തതാണ്. അനിസ്ലാമിക ഗവൺമെന്റുകളോ ടുള്ള ശിയാക്കളുടെ സമീപനങ്ങൾ പരിശോദിച്ചാലറിയാം 'മൗദൂദിസവും' ശീഇസവും തമ്മി ലുള്ള 'ക്രയവിക്രയ' ബന്ധം. ഖുമൈനി പറയുന്നു: ''ഇതാണ് അപ്പോൾ ഇസ്ലാമിന്റെ രാഷ്ട്രീയ നിയമം. അന്യായമായി അധികാര ശക്തികളെയും അവയുടെ നീതിന്യായ വ്യവസ്ഥ കളെയും മുസ്ലിംകളെകൊണ്ട് ഇത് പരിത്യജിപ്പിക്കുന്നു.'' *(ഇസ്ലാമിക ഗവൺമെന്റ് –ഖുമൈനി –പേജ്: 296)*

‘‘മർദ്ദക ഭരണാധികാരിയുടെ സമക്ഷത്തിങ്കൽ നിങ്ങൾ പരസ്പരമുണ്ടാകുന്ന കേസുകളെപ്പറ്റി അന്യായം ബോധിപ്പിക്കുന്നതിനെതിരെ ജാഗ്രതയോടെയിരിക്കുക. ’’ *(പേജ്: 299)*

‘‘കൊള്ളക്കൊടുക്കകളുടെ കാര്യത്തിലുണ്ടാകുന്ന അഭിപ്രായവ്യത്യാസം പൗരന്മാർ തമ്മിലുണ്ടാക്കുന്നതാണ് (സിവിൽ തർക്കങ്ങൾ) പൗരൻമാർ തമ്മിലുണ്ടാകുന്ന തർക്കങ്ങളിൽ വിദ്രോഹികളെ വിധിതീർപ്പിന് സമീപിക്കരുതെന്നാണ് അപ്പോൾ ഇമാമിന്റെ വചനത്തിലെ ആദ്യഭാഗത്തിനർത്ഥം’’ *(299–300)*

‘‘ഗവൺമെന്റുമായി ബന്ധപ്പെട്ട എല്ലാസ്ഥാപനങ്ങളുമായും എല്ലാ നിലയ്ക്കുള്ള ബന്ധവും വിഛേദിച്ചുകൊണ്ടും, അവയുമായി സഹകരിക്കാൻ വിസമ്മതിച്ചുകൊണ്ടും, അവയ്ക്കുസഹായകമായി വർത്തിച്ചേയ്ക്കാവുന്ന എല്ലാ നടപടികളിൽ നിന്നും വിട്ടുനിന്ന് കൊണ്ടും പുതിയ നീതിന്യായ, സാമ്പത്തിക, ധനപര, സാംസ്ക്കാരിക, രാഷ്ട്രീയസ്ഥാപനങ്ങൾക്ക് രൂപം നല്കിക്കൊണ്ടും നമുക്ക് സ്വേഛാധിപത്യമർദക ഭരണകൂടങ്ങളെ തറപറ്റിക്കാവുന്നതാണ്.’’

താഗൂത്തിനെ (ഇന്ന് ഇസ്‌ലാമിക ലോകത്ത് ഭരണം നടത്തികൊണ്ടിരിക്കുന്ന അന്യായമായ മുഴുവൻ രാഷ്ട്രീയ ശക്തികളും ഇതിൽ പെടും) പിഴുതെറിയേണ്ടത് നമ്മുടെയെല്ലാവരുടേയും ബാധ്യതയാണ്.’’ *(ഇസ്‌ലാമിക ഗവൺമെന്റ്–ഖുമൈനി–പേജ്: 413)*

ഇസ്‌ലാമിലെ ഇബാദത്തുകളെ രാഷ്ട്രീയാധികാരം സ്ഥാപിക്കുന്നതിനുള്ള ‘ട്രൈനിം കോഴ്സു ’കളായി അവതരിപ്പിച്ചതിൽ മൗദൂദിസം ഏറെ വിമർശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇസ്‌ലാമിലെ ഇബാദത്തുകളിൽ മൗദൂദി നടത്തിയ രാഷ്ട്രീയ പക്ഷവായന അദ്ദേഹത്തിന്റെ സ്വഗവേഷണങ്ങളിൽ രൂപം കൊണ്ട സ്വതന്ത്രക്കാഴ്ചപാടുകളല്ല; മറിച്ച് അതും അദ്ദേഹത്തിലെ ശീഈ സ്വാധീനത്തിന്റെ വ്യക്തമായ തെളിവുകളിലൊന്നാണ്. കാരണം ഇസ്‌ലാമിലെ ഇബാദത്തുകളിൽ ഇത്തരത്തിൽ രാഷ്ട്രീയ പക്ഷവായന നടത്തിയത് ശിയാക്കളാണ്. മൗദൂദി അവരിൽ നിന്നും കടമെടുത്ത് അഹ്ലുസുന്നത്തിന് യോജിക്കും വിധം (?) പരിഷ്ക്കരിപ്പിച്ചവതിരിപ്പിക്കുക മാത്രമാണ് ചെയ്തത്. ഖുമൈനി തന്നെ അതുപറയട്ടെ!

‘‘ഇസ്‌ലാമിലെ ആരാധനാനുഷ്ഠാനങ്ങളെ സംബന്ധിച്ചുള്ള പല വിധികളും രാഷ്ട്രീയ സാമൂഹ്യ ധർമങ്ങളുമായി ബന്ധപ്പെടുന്നുണ്ട്. സാമൂഹ്യ രാഷ്ട്രീയ സേവനങ്ങൾക്ക് ജന്മം നൽകുന്നവയാണ് അവ. ഇസ്‌ലാമിലെ ആരാധനകളുടെ നിർവഹണ രീതിതന്നെ രാഷ്ട്രീയത്തോടും സാമൂഹ്യസംവിധാനത്തോടും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നത് കാണാം ഒന്നിച്ചുള്ള നമസ്ക്കാരം, ഹജ്ജ് വേളയിലെ കൂടിച്ചേരൽ, വെള്ളിയാഴ്ചതോറും നടത്താറുള്ള ‘ജുമുഅ’ എന്നിവ ഉദാഹരണം. ആധ്യാത്മികവും വിശ്വാസപരവും സദാചാരപരവുമായ പ്രതിഫലനങ്ങളോടൊപ്പം രാഷ്ട്രീയമായ പ്രതിഫലനവും അവയ്ക്കെല്ലാമുണ്ട്’’ *(ഇസ്‌ലാമിക ഗവൺമെന്റ്–ഖുമൈനി– :388)*

എന്തിനധികം, ഇസ്‌ലാമിൽ വിശ്വാസ ആരാധനാകർമ്മങ്ങളേക്കാൾ പ്രധാന്യം ഭരണത്തിനും രാഷ്ട്രീയത്തിനുമാണെന്ന സിദ്ധാന്തം ഇന്ത്യയിൽ അവതരിപ്പിച്ചത് മൗദൂദിസമാണെങ്കിൽ, അവർ അതും കടം കൊണ്ടത് ശിയാഇസത്തിൽ നിന്നുതന്നെ.

‘‘ദീനും ദുനിയാവും സമഞ്ജസമായി സമ്മേളിച്ചമതമാണിത്. വിശ്വാസാരാധനകൾ പോലെ തന്നെ ഭരണവും ഭരണകൂടവും ഇതിന്റെ അവിഭാജ്യഘടകമാണ്. ഇവക്കാണ് കൂടുതൽ പ്രാധാന്യമെന്ന് വേണമെങ്കിൽ നമുക്ക് പറയാം’’ *(മതം ദൂർബല ഹസ്തങ്ങളിൽ –വിവർത്തകൻ ശൈഖ് മുഹമ്മദ് കാരക്കുന്ന്, പേജ് : 23)*

ഇനി 'ഇസ്ലാമിസ്റ്റുകളുടെ ഈ വാദം ശീഈ ഗ്രന്ഥത്തിൽ നിന്നും നാം കാണുക. അവർക്കും രാഷ്ട്രീയം തന്നെ പരമപ്രധാനം. '' ആരാധനകളും അനുഷ്ഠാനങ്ങളും നിങ്ങൾ തീർച്ചയായും ജനങ്ങളെ പഠിപ്പിക്കണം. എന്നാൽ, ഇസ്ലാമിന്റെ രാഷ്ട്രീയവും സാമ്പത്തികവും നിയമപരവുമായ വശങ്ങളാണ് കൂടുതൽ പ്രധാനം. ഇവയുടെ അച്ചുതണ്ടിലായിരിക്കണം പ്രവർത്തനങ്ങൾ കറങ്ങുന്നത്''. *(ഇസ്ലാമിക ഗവൺമെന്റ്- ഖുമൈനി-പേജ്: 383)*

'മൗദൂദിസ'ത്തിലെയും 'ഖുബൂരിസ'ത്തിലെയും ശിഈ സ്വാധീനത്തിന്റെ തെളിവുകളിനിയുമെത്രയോ ബാക്കിനിൽക്കുന്നു. ഏതായാലും 'ശീഇസ'മൊരു 'ഗതികിട്ടാത്ത ആത്മാവു'പോലെ ഈ മലയാളക്കരയാകെ ചുറ്റി നടക്കുന്നുണ്ടെന്നത് ഒരു യാഥാർത്യമാണ്. അതു കൊണ്ടുതന്നെ മുജാഹിദുകളുടെ ശീഈ വിമർശനങ്ങളെ 'ഫലിക്കാതെ പോയ ഇറാൻ വിരുദ്ധ പ്രസംഗങ്ങളാ'ക്കിമാറ്റാൻ ആരൊക്കെശ്രമിച്ചാലും നാമതുതുടരുകതന്നെ വേണം. അഹ്ലുസുന്നത്തിന്റെ മൂടുപടമണിഞ്ഞ ശീഈ 'പ്രേതങ്ങൾ' കേരള മുസ്ലിംകളുടെ രക്തമൂറ്റിക്കുടിക്കുന്നുണ്ടെന്ന വസ്തുത തിരിച്ചറിയുമ്പോൾ ഒരു ശൂറാമെമ്പറുടെ 'കൊഞ്ഞനം' കാട്ടലുകൊണ്ടൊന്നും മുജാഹിദുകളുടെ ശീഈ വിമർശനങ്ങൾ നിലക്കില്ലെന്ന് പലരും തിരിച്ചറിഞ്ഞു സമയം കളയാതിരിക്കുന്നതാണ് നല്ലത്.

***<u>വാൽക്കഷ്ണം:</u>***

''ശീഈകളുടെ മൗലികമായ പിഴച്ച ധാരണകളെ പിന്തുണക്കുന്ന ആരും നമ്മുടെ സംസ്ഥാനത്തില്ലെന്നാണറിവ്'' *(പ്രബോധനം-29/മെയ്/2006- ശൈഖ് മുഹമ്മദ് കാരക്കുന്ന്-പേജ്: 28)*

പക്ഷെ മൗലാനയുണ്ടോ ഇതു സമ്മതിക്കുന്നു....! ''ഖുമൈനിയുടെ വിപ്ളവം ഇസ്ലാമിക വിപ്ളവമാണ്. ഇസ്ലാമിക പ്രസ്ഥാനത്തിലൂടെ ശിക്ഷണം നേടിയ ഒരിസ്ലാമിക സമൂഹമാണ് അത് സാധിച്ചത്. അതുകൊണ്ട് മുസ്ലിംകൾ പൊതുവിലും ഇസ്ലാമിക സംഘടനകൾ വിശേഷിച്ചും എല്ലാരംഗത്തും എല്ലാ വിധേനയും ആ വിപ്ളവത്തെ പിന്തുണക്കുകയും ആതിനോട് സഹകരിക്കുകയും ചെയ്യാൻ കടപ്പെട്ടിരിക്കുന്നു'' *(അദ്ദഅ്വ-കൈറോ, ലക്കം 29, ആഗസ്റ്റ്-1979-ഉദ്ധരിച്ചത്- ഇസ്ലാമിക ഗവൺമെന്റ്-പ്രസാധകക്കുറിപ്പ്-പേജ്: 49)*